**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1514** **01-07-2026-ൽ മറുപടിയ്ക്ക്**

**കെ. എസ്. എഫ്. ഇ. യുടെ ലാഭവിഹിതം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കഴിഞ്ഞ സാമ്പത്തിക വർഷം കെ. എസ്. എഫ്. ഇ.യുടെ ലാഭവിഹിതമായി സർക്കാരിന് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2025-26 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം ആനുവൽ ജനറൽ മീറ്റിംഗിലെ തീരുമാനമനുസരിച്ച് ലാഭവിഹിതം സർക്കാരിന് നല്കുന്നതാണെന്ന് കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** സി.എസ്.ആർ. ഫണ്ട് (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്) മുഖേന കെ.എസ്.എഫ്.ഇ. ചെലവഴിക്കുന്ന മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കമ്പനീസ് ആക്ട്, 2013-ലെ ഷെഡ്യൂൾ VII-ൽ അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലകളിലെ വിവിധ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്കാണ് കെ.എസ്.എഫ്.ഇ സി.എസ്.ആർ ഫണ്ട് വിനിയോഗിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, വനിതാ-ശിശുക്ഷേമം, ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും അനാഥരുടെയും പുനരധിവാസ ക്ഷേമപ്രവർത്തനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൊതു ഉപയോഗ സൗകര്യങ്ങൾ നടപ്പാക്കൽ, വിദ്യാലയങ്ങൾക്കും കോളേജുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി കെട്ടിടങ്ങൾ, പാർക്കുകൾ, ഓപ്പൺ ജിമ്മുകൾ, ശുചിത്വസൗകര്യങ്ങൾ എന്നിങ്ങനെയുള്ളവയ്ക്കായാണ് സി.എസ്.ആർ ഫണ്ട് പ്രധാനമായും വിനിയോഗിച്ചുവരുന്നത്.

**സെക്ഷൻ ഓഫീസർ**